Vol-1,N0:16
04-07-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. സഭയെ നശിപ്പിക്കാൻ ശ്രമിക്കുന്നവർ ചരിത്രം പഠിച്ചിട്ടില്ല; മാർ വർക്കി വിതയത്തിൽ.
02. ഒറീസയിൽ രണ്ടു മലയാളി കന്യാസ്ത്രീകൾ അറസ്റ്റിൽ.
03. കന്യാസ്ത്രീകളുടെ അറസ്റ്റിൽ ദുരൂഹത: ഐക്യ ജാഗ്രതാ കമ്മിഷൻ.
04. 315 സ്കൂളുകൾ വാടകക്കെട്ടിടത്തിൽ.
05. കേരളത്തിൽ ന്യൂനപക്ഷാവകാശ ലംഘനമെന്നു ദേശീയ സമിതി.
06. സ്കൂളുകൾ പഞ്ചായത്തിനെ ഏൽപ്പിക്കാൻ ഉത്തരവിട്ടതു തദ്ദേശവകുപ്പ്.
07. എട്ടാഴ്ചയ്ക്കകം ദീപിക സഭയ്ക്ക് കൈമാറും.
08. സ്വാശ്രയനിലപാടിനെതിരെ പുസ്തകം: സഭ ആത്മപരിശോധന നടത്തണം.

## 01. സഭയെ നശിപ്പിക്കാൻ ശ്രമിക്കുന്നവർ ചരിത്രം പഠിച്ചിട്ടില്ല; മാർ വർക്കി വിതയത്തിൽ.

(Madhyamam 30-07-2007)

രക്തസാക്ഷികളുടെ ചുടുനിണത്തിൽ വളർന്ന സഭയ്ക്ക് പ്രതിസന്ധികൾ പുത്തരിയല്ലെന്ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ. പീഡിപ്പിച്ച് സഭയെ നശിപ്പിക്കാൻ ശ്രമിക്കുന്നവർ ചരിത്രം പഠിച്ചിട്ടില്ല. ഏതിനെയും നേരിടാനുള്ള ധാർമിക ധീരത സഭയ്ക്കുണ്ട്. എറണാകുളം -അങ്കമാലി അതിരൂപത ന്യൂനപക്ഷാവകാശസംരക്ഷണ സമ്മേളനം ബസലിക്കാ പള്ളിയങ്കണത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എൽ. ഡി. എഫ് സർക്കാരിന്റെ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെട്ട് സഭ സ്വീകരിച്ച നിലപാട് സംബന്ധിച്ച് കർദ്ദിനാൾ പരസ്യമായി പ്രതികരിക്കുന്നത് ആദ്യമായാണ്. എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാന്മാരായ മാർ തോമസ് ചക്യാത്ത്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ പ്രസംഗത്തിൽ ഉടനീളം സർക്കാരിനും കമ്യൂണിസ്റ്റുപാർട്ടിക്കുമെതിരെയുള്ള പ്രതിഷേധം കർദ്ദിനാൾ ശക്തമായ ഭാഷയിൽ പ്രകടിപ്പിച്ചു. സർക്കാരിന്റെ നീക്കങ്ങൾ യഥാസമയം തിരിച്ചറിഞ്ഞ് പ്രതികരിക്കാനും പ്രതിഷേധിക്കാനും മുന്നിട്ടിറങ്ങേണ്ടത് ചരിത്രപരമായ ഉത്തരവാദിത്വമാണെന്ന് വിശ്വാസികളെ ആഹ്വാനം ചെയ്തു.

വിദ്യാലയങ്ങൾ സ്ഥാപിക്കുവാനും നടത്തുവാനും കുട്ടികളെ പ്രവേശിപ്പിക്കുവാനും അധ്യാപക നിയമനത്തിനുമുള്ള അവകാശങ്ങൾ ഗൂഢമാർഗ്ഗത്തിലൂടെ ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. സാമൂഹിക നീതിക്ക് നിരക്കുന്നതല്ലാത്തതിനാലാണ് 50: 50 അനുപാതത്തെ എതിർക്കാൻ കാരണം. പാവങ്ങളുടെ പാർട്ടിയെന്നാണ് കമ്യൂണിസ്റ്റുകാർ തങ്ങളെതന്നെ വിശേഷിപ്പിക്കുന്നത്. പാവങ്ങൾക്ക് വേണ്ടി എന്താണ് സർക്കാർ ചെയ്തത്? 2627 വിദ്യാഭ്യാസ സ്ഥാപനങ്ങളും 529 ആശുപത്രികളും 463 ടെക്നിക്കൽ സ്കൂളുകളും കേരള കത്തോലിക്കാസഭയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കേരളത്തിനു പുറത്തുള്ള സ്ഥാപനങ്ങൾക്കു വേണ്ടിയാണ് സ്വകാര്യ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം അഴിമതിയാണെന്ന് ആരോപിച്ച് അടച്ചാക്ഷേപിക്കുന്നത്. സാക്ഷരതയിൽ മുന്നേറിയെങ്കിലും അഖിലേന്ത്യാ തലത്തിൽ പ്രശസ്തമായ ഒരു കലാലയം പോലും സംഭാവന ചെയ്യാൻ സാധിച്ചിട്ടില്ല. ഉത്തരവാദിത്വങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറുക വഴി വിദ്യാഭ്യാസ സമ്പ്രദായം അലങ്കോലപ്പെടും.

സി. എൽ. സി നാഷണൽ ട്രഷറർ റിജു കാഞ്ഞൂക്കാരൻ പ്രമേയം അവതരിപ്പിച്ചു. മാർ തോമസ് ചക്യത്ത് അധ്യക്ഷതവഹിച്ചു. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, ഫാ. ജേക്കബ് പാലക്കാപ്പിള്ളി, സി. എൽ. സി സംസ്ഥാന പ്രസിഡന്റ് ഡെന്നീസ് കെ. ആന്റണി, ജയ്മോൻ തോട്ടുംപുറം, ഷൈജോ പറമ്പി, പി.ടി. പൗലോസ്, ഫാ. തോമസ് മങ്ങാട്ട് തുടങ്ങിയവർ സംസാരിച്ചു.

02. **ഒറീസയിൽ രണ്ടു മലയാളി കന്യാസ്ത്രീകൾ അറസ്റ്റിൽ**. (Malayala Manorama 27-07-2007)

ഒറീസയിലെ ബാരിപഡയിൽ പട്ടികവർഗ ഹോസ്റ്റലിലെ രണ്ടു പെൺകുട്ടികളെ പ്രാർത്ഥിക്കാൻ നിർബന്ധിക്കുകയും ഉപദ്രവിക്കുകയും ചെയ്തെന്ന പരാതിയുടെ പേരിൽ മലയാളികളായ രണ്ടു കന്യാസ്ത്രീകൾ അറസ്റ്റിലായി. ബാംഗ്ലൂർ ആസ്ഥാനമായ സിസ്റ്റേഴ്സ് ഓഫ് സെന്റ് ആൻ എന്ന സന്യാസിനി സമൂഹത്തിലെ സിസ്റ്റർ മേരി സെബാസ്റ്റ്യൻ (57) , സിസ്റ്റർ പ്രേമ തോമസ് (62) എന്നിവരാണിവർ. ഇവരെ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തു ബാരിപഡ ജയിലിലാക്കി. ഓസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസിനെയും മക്കളെയും ചുട്ടുകരിച്ചതിലൂടെ കുപ്രസിദ്ധി നേടിയ സ്ഥലമാണ് ബാരിപഡ. സിസ്റ്റേഴ്സ് ഓഫ് സെന്റ് ആനിന്റെ വകയായി ഇവിടെ സ്കൂളും പട്ടികവർഗ ഹോസ്റ്റലിലും 1981 മുതൽ നടത്തുന്നതാണ്. പെൺകുട്ടികൾക്കായുള്ള വിജയ ഹോസ്റ്റലിലെ പുതുതായി ചേർന്ന രണ്ടു കുട്ടികൾ ഒരാഴ്ച മുമ്പ് ഹോസ്റ്റലിൽ അറിയിക്കാതെ വീട്ടിലേക്ക് മടങ്ങി.

പ്രാർത്ഥിക്കാൻ നിർബന്ധിച്ചതിനാലും മർദ്ദിച്ചതിനാലും കുട്ടികൾ മടങ്ങിപ്പോന്നു എന്നാരോപിച്ചു മാതാപിതാക്കൾ പോലീസിൽ പരാതി നൽകി. പ്രശ്നം സംഘപരിവാറിന്റെ പ്രാദേശിക നേതാക്കൾ ഏറ്റെടുത്തു. കന്യാസ്ത്രീകളെ പോലീസ് അറസ്റ്റ് ചെയ്തു. എന്നാൽ, ഇവരുടെ കേസ് രേഖകൾ കോടതിയിൽ ഹാജരാക്കാൻ പോലീസ് കൂട്ടാക്കിയില്ല. അതിനാൽ, ജാമ്യം ലഭിച്ചില്ല. ഇവരെ കോടതിയിൽ ഹാജരാക്കുമെന്നു മയൂർബഞ്ച് എസ്. പി. എസ്. കെ. സിങ് മനോരമയോടു പറഞ്ഞു. കോടതി ആവശ്യപ്പെട്ടാൽ മാത്രം കേസ് രേഖകൾ ഹാജരാക്കുക എന്നതാണ് തങ്ങളുടെ ഇതുവരെയുള്ള രീതിയെന്നും അറിയിച്ചു. ഒറീസ മതസ്വാതന്ത്ര്യ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റ് നടത്തിയിട്ടുള്ളത്. 26 വർഷമായി പ്രവർത്തിക്കുന്ന ഹോസ്റ്റലിനും സ്കൂളിനുമെതിരെ ഒരു തരത്തിലുള്ള ആരോപണവും ഇതുവരെയുണ്ടായിട്ടില്ലെന്നു ബാലസോർ രൂപതാ ട്രഷറർ ഫാ. ഐസക് പുത്തനങ്ങാടി പറഞ്ഞു. കന്യാസ്ത്രികളെ അറസ്റ്റ് ചെയ്തില്ലെങ്കിൽ ദേശീയപാത തടയുമെന്നു ബി.ജെ.പി ഭീഷണി മുഴക്കിയിരുന്നു, എന്നാൽ, തങ്ങളുടെ പ്രാർത്ഥന ചൊല്ലാൻ ബാധ്യസ്ഥരാണെന്നും അതു പ്രവേശനം നൽകുമ്പോൾ തന്നെ വ്യക്തമാക്കാറുണ്ടെന്നും കന്യാസ്ത്രീകൾ പറഞ്ഞതായി മൊഴിയെടുത്ത എ.ഡി.എം.എസ് അശ്വതി പറഞ്ഞു. അടിക്കാറുണ്ടെന്നു പരാതിയെന്ന നിലയ്ക്കല്ലാതെ മറ്റു കുട്ടികളും മൊഴി നൽകിയിട്ടുണ്ട്. കുട്ടികളെ കാണാതായെങ്കിലും വീടുകളിലോ പോലീസിനെയോ അറിയിക്കാതിരുന്നത് പ്രശ്നം ഗുരുതരമാക്കി. എന്നാൽ, പരാതിയിലെ മറ്റു ചില ആരോപണങ്ങൾ ശരിയല്ലെന്നു വ്യക്തമായിട്ടുണ്ട്.

03. **കന്യാസ്ത്രീകളുടെ അറസ്റ്റിൽ ദുരൂഹത: കെ. സി. ബി. സി. ഐക്യ ജാഗ്രതാ കമ്മീഷൻ.**

ഒറീസയിലെ ബാരിവപഡയിൽ പാവപ്പെട്ടവരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മലയാളികളായ കന്യാസ്ത്രികളുടെ അറസ്റ്റിൽ ദുരൂഹതയുണ്ടെന്ന് കെ. സി. ബി. സി ഐക്യ ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആരോപിച്ചു. മതസ്വാതന്ത്ര്യ നിയമത്തിന്റെ മറവിൽ ക്രൈസ്തവ മിഷനറിമാരെ നശിപ്പിക്കാനുള്ള ബി.ജെ.പി യുടെയും സംഘപരിവാറിന്റെയും നിഗൂഢ നീക്കത്തിന്റെ വ്യക്തമായ തെളിവാണിതെന്ന് അദ്ദേഹം ആരോപിച്ചു. ഇരുപത്തിയാറ് വർഷമായി യാതൊരു തരത്തിലുള്ള ആരോപണവും ഉണ്ടാവാത്ത സ്ഥാപനത്തിനെതിരെയുള്ള അടിസ്ഥാനമില്ലാത്ത ആരോപണമാണിത്. ക്രൈസ്തവ മിഷനറിമാരെ ഭീഷണിപ്പെടുത്തുക, കള്ളക്കേസിൽ കുടുക്കുക, ദേഹോപദ്രവം ചെയ്യുക ഇവയെല്ലാം സംഘപരിവാറിന്റെ ക്രൈസ്തവ വിരുദ്ധ നിലപാടിന്റെ ഭാഗമാണ്. ഓസ്ട്രേലിയൻ മിഷനറി ഗ്രഹാം സെറ്റയിൽസിനെയും മക്കളെയും ചുട്ടുകരിച്ച വേദന മാറാത്ത ഒറീസ്സായിലെ ക്രൈസ്തവർക്ക് മറ്റൊരു വേദന കൂടി താങ്ങുവാൻ ശക്തിയില്ല. അതുകൊണ്ട് ബി. ജെ. പിയും സംഘപരിവാറും ക്രൈസ്തവ വിരോധ നടപടികൾ അവസാനിപ്പിക്കണമെന്നും കന്യാസ്ത്രികൾക്കെതിരെയുള്ള കള്ളക്കേസ് ഉടൻ പിൻവലിക്കണമെന്നും ഐക്യ ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടു.

04. **315 സ്കൂളുകൾ വാടകക്കെട്ടിടത്തിൽ**. (Deepika 31-07-2007)

സംസ്ഥാനത്ത് 315 സർക്കാർ സ്കൂളുകൾ പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിൽ. സ്വന്തം കെട്ടിടമെന്ന സ്വപ്നത്തിന് ഓരോ വർഷവും മന്ത്രിമാരും എം. എൽ. എമാരും നിറം പകരാറുണ്ടെങ്കിലും വാഗ്ദാനങ്ങൾ പാഴാവുന്ന സാഹചര്യത്തിന് ഈ അധ്യയന വർഷവും മാറ്റമുണ്ടായിട്ടില്ല. സ്കൂളുകളുടെ ഭരണം തദ്ദേശസ്ഥാപനങ്ങളെ ഏൽപ്പിക്കാനുള്ള സർക്കാർ നീക്കങ്ങൾ വിവാദമായിരിക്കേയാണ് പഞ്ചായത്തിന്റെ ഭരണപ്രാപ്തി തെളിയിച്ച് സ്കൂളുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. പഞ്ചായത്തീ രാജ് ആക്ട് നിലവിൽ വന്ന ശേഷം സർക്കാർ വിദ്യാലയങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കി നൽകേണ്ടത്

ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളാണെന്നാണ് സർക്കാരിന്റെ വിശദീകരണം. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഏഴാം ക്ലാസു വരെയുള്ള സർക്കാർ പ്രൈമറി സ്കൂളുകൾക്ക് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കിയാൽ എസ്. എസ്. എ പദ്ധതി പ്രകാരം ക്ലാസ് മുറികൾ നിർമ്മിക്കാനുള്ള ഫണ്ട് ലഭ്യമാക്കുമെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതൊന്നും പഞ്ചായത്തുകൾ കാര്യക്ഷമ മായി നിർവഹിക്കാൻ തയാറായില്ല. ഈ സാഹചര്യത്തിൽ വിദ്യാലയങ്ങൾ സംബന്ധിച്ച് പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകാനുള്ള സർക്കാർ നീക്കം ഏറെ ആശങ്കകൾ ഉയർത്തുകയാണ്.ഹൈസ്കൂൾ തലത്തിൽ സംസ്ഥാനത്ത് പത്ത് സർക്കാർ സ്കൂളുകൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്. യു. പി തല ത്തിൽ 56 സ്കൂളുകളും എൽ. പി തലത്തിൽ 249 സ്കൂളുകളും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മല പ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ സ്കൂളുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. 116 വിദ്യാലയ ങ്ങൾ. 53 വാടക വിദ്യാലയങ്ങളുമായി കോഴിക്കോടും 51 വിദ്യാലയങ്ങളുമായി കണ്ണൂരും തൊട്ട് പുറകിലുണ്ട്. മറ്റു ജില്ലകളിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ: കൊല്ലം-2, പത്തനംതിട്ട-1, എറണാകു ളം-2, തൃശൂർ 19, പാലക്കാട് 43, കാസർക്കോട് 28.

05. **കേരളത്തിൽ ന്യൂനപക്ഷാവകാശ ലംഘനമെന്നു ദേശീയ സമിതി.** (Deshabhimani 30-07-2007)

കേരളത്തിൽ ന്യൂനപക്ഷങ്ങളുടെ മൗലികാവകാശങ്ങൾ സർക്കാർ ലംഘിക്കുന്നെന്നു ദേശീയ ന്യൂന പക്ഷ വിദ്യാഭ്യാസ നിരീക്ഷണ സമിതി. കേന്ദ്ര മന്ത്രി അർജുൻ സിങ്ങിന്റെ നിർദ്ദേശപ്രകാരം എത്തിയ സമിതി ഇന്നലെ തെളിവെടുപ്പിന്റെ ഭാഗമായി കർദ്ദിനാൾ മാർ വർക്കി വിതയത്തിലിനെ സന്ദർശിച്ചു; വിവിധ മുസ്ലീം സംഘടനകളുമായും ചർച്ച നടത്തി. സംസ്ഥാനത്ത് മതമേലധ്യക്ഷൻമാരെയും ന്യൂനപക്ഷ സമുദായ നേതാ ക്കളെയും അവഹേളിക്കുന്ന രീതിയിലുള്ള പരാമർശം ഭരണനേതൃത്വത്തിൽ നിന്നുണ്ടായതായി ശ്രദ്ധയിൽപ്പെ ട്ടെന്ന് സമിതി അംഗങ്ങളായ ഡോ. മാണി ജേക്കബും കെ. കെ അബൂബക്കറും പറഞ്ഞു. ഇത്തരം നടപടികൾ കേരളത്തിന്റെ പൈതൃകത്തിന് ചേർന്നതല്ല. ന്യൂനപക്ഷങ്ങൾക്ക് കടിഞ്ഞാണിടാനെന്ന പേരിലുള്ള നടപടി കളും ശരിയല്ല.

കത്തോലിക്കാ സഭയുടെ ഇടയലേഖനത്തിനെതിരെ ശബ്ദമുയർത്തുന്നതും നല്ലതല്ല. ഇടയലേഖന ങ്ങൾ മതബോധനത്തിന്റെ ഭാഗമാണ്. അവ പിൻവലിക്കണമെന്ന് പറയുന്നത് അതിരു കടന്ന ആവശ്യമാണ്. സാമൂഹിക നീതിയും സാമുദായിക സൗഹാർദ്ദവും കണക്കിലെടുത്ത് ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സ്ഥാപ നങ്ങളിൽ മറ്റു സമുദായക്കാർക്കും പ്രവേശനം നൽകണം. പ്രവേശനത്തിന് 50: 50 എന്ന ഫോർമുല സ്വാഗ താർഹമാണ്. വിദ്യാഭ്യാസസ്ഥപനങ്ങളുടെ നടത്തിപ്പുചെലവു വർധിച്ച സാഹചര്യത്തിൽ യാഥാർത്ഥ്യബോധ ത്തോടെ ഫീസ് നിരക്ക് നിശ്ചയിക്കണമെന്നും സമിതി അംഗങ്ങൾ അഭിപ്രായപ്പെട്ടു. ഇന്നു തൃശൂരിൽ ബിഷ പ്പുമാരായ മാർ ആൻഡ്രൂസ് താഴത്തിനെയും മാർ ജേക്കബ് തൂങ്കുഴിയെയും സന്ദർശിക്കുന്ന സമിതി മുസ്ലീം സംഘടനാപ്രതിനിധികളുമായും ചർച്ച നടത്തും. വരും ദിവസങ്ങളിലും മതമേലധ്യക്ഷന്മാരും സാമുദായിക സംഘടനഭാരവാഹികളും ചർച്ച നടത്തും. മുഖ്യമന്ത്രി വി. എസ് അച്യുതാനന്ദൻ, മന്ത്രി എം. എ ബേബി എന്നിവരെയും സന്ദർശിച്ച ശേഷമാവും സമിതി മന്ത്രി അർജുൻ സിങ്ങിനു റിപ്പോർട്ട് നൽകുക.

06. **സ്കൂളുകൾ പഞ്ചായത്തിനെ ഏൽപ്പിക്കാൻ ഉത്തരവിട്ടതു തദ്ദേശവകുപ്പ്.** (Mangalam 30-07-2007)

സംസ്ഥാനത്തെ സ്കൂളുകളുടെ ഭരണം പഞ്ചായത്തുകൾക്ക് നൽകാൻ ഉത്തരവിട്ടത് തദ്ദേശസ്വയംഭര ണവകുപ്പ്. 2007-08 വർഷത്തെ പദ്ധതി രൂപീകരണത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച മാർ ഗനിർദ്ദേശ രേഖയിൽ എൽ. പി വിഭാഗത്തിന്റെ നിയന്ത്രണം ഗ്രാമപഞ്ചായത്തുകൾക്കും യു. പി മുതൽ ഹയർ സെക്കണ്ടറിവരെയുള്ള വിഭാഗങ്ങളുടെ നിയന്ത്രണം ജില്ലാ പഞ്ചായത്തുകൾക്കും ആയിരിക്കുമെന്നും വ്യക്ത മായി പറഞ്ഞിട്ടുണ്ട്. മാത്രമല്ല സ്കൂളുകളിലെ വിവാദ വിഷയങ്ങൾ സംബന്ധിച്ച് തീർപ്പു കൽപ്പിക്കേണ്ട അപ്പീൽ കമ്മിറ്റിയുടെ ചെയർമാനായി ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചെയർമാനെയാണ് നിയോഗിച്ചിരിക്കുന്നത്. എന്നാൽ സ്കൂളുകളുടെ നിയന്ത്രണം പഞ്ചായത്തുകൾക്കില്ലെന്ന് വിദ്യാഭ്യാസമന്ത്രി ആവർത്തിക്കുമ്പോഴും പലയിടങ്ങളിലും സ്കൂളുകളുടെ ഭരണം പഞ്ചായത്തുകൾ ഏറ്റെടുത്തുകഴിഞ്ഞു. മന്ത്രി യുടെ പ്രഖ്യാപനത്തിനു തൊട്ടുപിന്നാലെയാണ് തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് കോട്ടയം ജില്ലയിലെ സ്കൂൾ ലണ്ടൻ നിശ്ചയിക്കുന്നതിന് ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ അധ്യക്ഷതയിൽ യോഗം ചേർന്ന ത്. യോഗത്തിൽ ജില്ലാ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറും പങ്കെടുത്തു.തിരുവന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്ത് സ്വന്തമായി പാഠപുസ്തകം വരെ തയ്യാറാക്കിക്കഴിഞ്ഞു.

തിരുവനന്തപുരത്ത് ആര്യനാട് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള എല്ലാ സ്കൂളുകളിലും അധ്യാപകർ ജോലിക്കെത്തുന്ന സമയവും പുറത്തുപോകുന്ന സമയവും അറിയുന്നതിന് പഞ്ചായത്ത് അറ്റൻഡൻസ് ആൻഡ് മൂവ്മെന്റ് രജിസ്റ്റർ സ്ഥാപിച്ചു കഴിഞ്ഞു. കോട്ടയത്ത് മീനടം, കുമരകം എന്നീ പഞ്ചായത്തുകളിലെയും കണ്ണൂരിലെ പള്ളിക്കുന്ന് പഞ്ചായത്തിലും അധ്യാപകർ നിർബന്ധമായും ഗ്രാമസഭകളിൽ പങ്കെടുക്കണമെന്നും മിനിറ്റ്സ് തയ്യാറാക്കണമെന്നും കഴിഞ്ഞ ദിവസമാണ് പഞ്ചായത്ത് ഭരണസമിതികൾ ഉത്തരവ് പുറപ്പെടുവിച്ചത്.

07. **എട്ടാഴ്ചയ്ക്കകം ദീപിക സഭയ്ക്ക് കൈമാറും.** (Deepika 03-08-2007)

എട്ടാഴ്ചക്കകം ദീപിക കത്തോലിക്കാ സഭയ്ക്ക് കൈമാറുമെന്നു രാഷ്ട്ര ദീപിക കമ്പനി ചെയർമാൻ എം.എ ഫാരിസ്. കൈരളി ചാനൽ മാനേജിംഗ് ഡയറക്ടർ ജോൺ ബ്രിട്ടാസിന് അനുവദിച്ച പ്രത്യേക അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം വെളിപ്പെടുത്തിയത്. ഏതെങ്കിലും മാർഗത്തിലൂടെ ദീപിക കൈയടക്കാൻ ഞാനൊരിക്കലും ശ്രമിച്ചിട്ടില്ല. രണ്ടു ദിവസം പോലും പത്രം അച്ചടിച്ചിറക്കാൻ കഴിയാത്ത വിധം സാമ്പത്തിക പ്രതിസന്ധി ഉണ്ടായപ്പോൾ, ഞാൻ പിതൃതുല്യം സ്നേഹിക്കുന്ന കാഞ്ഞിരപ്പള്ളി ബിഷപ് മാർ മാത്യു അറയ്ക്കലിന്റെ അഭ്യർത്ഥന മാനിച്ചാണ് ദീപികയ്ക്ക് സഹായം നൽകാൻ തീരുമാനിച്ചത്. ആദ്യം 50 ലക്ഷം രൂപ നൽകി. ഒരു കോടി നൽകി കഴിഞ്ഞപ്പോൾ കൂടുതൽ പണം മുടക്കാൻ നിർബന്ധിക്കരുതെന്നും അഭ്യർത്ഥിച്ചതാണ്. എന്നാൽ തുടർന്നുള്ള പ്രതിസന്ധികൾ പരിഹരിക്കാനായി ഏതാനും കോടികൾ കൂടി ചെലവഴിച്ചിട്ടുണ്ട്. ദീപികയുടെ ബാലൻസ് ഷീറ്റ് പരിശോധിക്കുന്ന ഏതൊരാൾക്കും ഇക്കാര്യം ബോധ്യപ്പെടും.

എത്ര രൂപ മുടക്കിയാലും ആർക്കെങ്കിലും സ്വന്തമാക്കാവുന്ന പത്രമല്ല ദീപിക. കേരളത്തിലെ കത്തോലിക്കരുടെ അഭിമാനമാണത്. അതു കൈടക്കി എന്റെ മക്കൾക്ക് കൈമാറാനാവില്ല. താനിപ്പോഴും ദീപികയുടെ നടത്തിപ്പുകാരൻ മാത്രമാണെന്നും ഫാരിസ് ചൂണ്ടിക്കാട്ടി. ദീപീക ഉടൻ സഭയുടെ നിയന്ത്രണത്തിലാവുമെന്ന് പറഞ്ഞ അദ്ദേഹം ഇതു സംബന്ധിച്ച് മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിലുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ടെന്നും കൂട്ടിച്ചേർത്തു. ദിപീക സംബന്ധിച്ച് സഭാ നേതൃത്വത്തിൽ യാതൊരു തർക്കവുമില്ല. പിതാക്കന്മാരുടെ അറിവോ അനുവാദമോ കൂടാതെ ചിലർ നടത്തുന്ന അഭിപ്രായപ്രകടനങ്ങളാണ് വിവാദങ്ങൾക്ക് പിന്നിൽ. അതിനെല്ലാം മറുപടി പറയേണ്ട കാര്യമില്ലെന്നും ഫാരിസ് വ്യക്തമാക്കി. കത്തോലിക്കാ സഭയെക്കുറിച്ചു പുറത്തുള്ളവർക്ക് വലിയ വിവരമില്ലാത്തതുകൊണ്ടാണ് സഭാപിതാക്കന്മാർക്കും സഭയ്ക്കുമെതിരേ ഇത്തരം വിവാദങ്ങൾ ഉണ്ടാകുന്നത്. ഇതിനൊന്നും സഭാനേതൃത്വം പ്രതികരിക്കാറില്ല.. സഭാപരമായ കാര്യങ്ങൾ പ്രചരിപ്പിക്കാൻ സഭയ്ക്ക് അതിന്റേതായ സംവിധാനങ്ങളുണ്ടെന്നും ഫാരിസ് ചൂണ്ടിക്കാട്ടി. എനിക്കെതിരേ ഉയർന്ന ആരോപണങ്ങൾക്ക് ദീപികയിലൂടെ മറുപടി പറയാൻ ഉദ്ദേശിച്ചിരുന്നില്ല. അരനൂറ്റാണ്ടിലേറെയായി ദീപിക വായിക്കുന്ന വന്ദ്യയായ ഒരു കന്യാസ്ത്രീ ഇതു സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് നിർദ്ദേശിച്ചപ്പോഴാണ് അതിനു നിർബന്ധിതനായതെന്നും ഫാരിസ് അഭിമുഖത്തിൽ വിശദമാക്കി.

08. **സ്വാശ്രയനിലപാടിനെതിരെ പുസ്തകം: സഭ ആത്മപരിശോധന നടത്തണം.**

(Deshabhimani 01-08-2007)

വിദ്യാഭ്യാസക്കച്ചവടത്തിനിറങ്ങിയത് കത്തോലിക്കാസഭയുടെ മുഖം വികൃതമാക്കിയില്ലേ എന്ന ചോദ്യവുമായി വൈദികന്റെ പുസ്തകം. സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ കച്ചവടത്തിന് സർക്കാർ തലയിടുന്നുവെന്നാരോപിച്ച് സഭയിൽ ചിലർ വിമോചനസമരാഹ്വാനം മുഴക്കുമ്പോഴാണ് സഭാവിശ്വാസികളുടെ ദുരവസ്ഥ വിശദമാക്കുന്ന പുസ്തകവുമായി വൈദികൻ തന്നെ രംഗത്തെത്തിയത്. ഫാ. റാഫേൽ ചിറ്റിലപ്പിള്ളിയുടെ സഭ വളർന്നുവോ തളർന്നുവോ എന്ന പുസ്തകത്തിലാണ് കെട്ടിടങ്ങളും സ്ഥാപനങ്ങളും കെട്ടിപ്പൊക്കുമ്പോഴും സഭ പാവപ്പെട്ടവർക്കൊപ്പമാണോ നിൽക്കുന്നതെന്ന ചോദ്യം ഉന്നയിക്കുന്നത്.

സ്വാശ്രയസ്ഥാപന നടത്തിപ്പിലൂടെ സഭയുടെ മുഖം വികൃതമായത് എങ്ങനെയെന്നും ചിറ്റിലപ്പിള്ളിയച്ചൻ പുസ്തകത്തിൽ വ്യക്തമാക്കുന്നു. ..കേവലം എം. ബി. ബി. എസ്, ബിടെക് തുടങ്ങിയ അടിസ്ഥാനബിരുദങ്ങൾ കരസ്ഥമാക്കാൻമാത്രം ബഹുദശലക്ഷങ്ങൾ മുടക്കേണ്ടിവരുന്ന ഡോക്ടർമാരും എൻജിനീയർമാരും ബന്ധപ്പെട്ടവരും-എല്ലാവരുമല്ല-വൈദികവിദ്വേഷികളായിത്തീരുന്നു, സഭയെ അപലപിക്കുകയും ചെയ്യുന്നു. തങ്ങളുടെ സമുന്നത പ്രൊഫഷണൽ പഠനത്തിനുവേണ്ടി ചെലവായ ബഹുദശലക്ഷങ്ങള എളുപ്പം പോക്കറ്റിലാക്കാൻ സത്യത്തിന്റെയും നീതിയുടെയും ധർമത്തിന്റെയും പാതകളിൽ നിന്നു വ്യതിചലിക്കുന്നവർ വിരളമല്ല. സഭയെ സംബന്ധിച്ചിടത്തോളം, വെളുക്കാൻ തേച്ചത് പാണ്ടായി ! അങ്ങനെ സഭയുടെ സുന്ദരമായ സുകൃതമുഖം വികൃതമായി നാടെങ്ങും പുച്ഛിക്കപ്പെടുന്നു. രൂപതകളും ഇടവകകളും സന്യാസസമൂഹങ്ങളും പരിശുദ്ധാത്മാവിന്റെ പ്രകാശത്തിൽ ആത്മപരിശോധന ചെയ്യട്ടെ. ഇക്കാര്യത്തിൽ നമ്മുടെ സഭയ്ക്കുണ്ടായ തെറ്റുകളും ശരികളും തിരിച്ചറിയാം; കുപ്പിയിൽ നിറച്ച വെള്ളവും എണ്ണയും പോലെ !